## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3060 21.08.2017-ൽ മറുപടിയ്ക്ക്.

## കോ-ഓഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള പദ്ധതികൾക്ക് ഓഡിറ്റ് ഒബ്ജക്ഷൻ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഓഡിറ്റ് നടത്തുമ്പോൾ ഒബ്ജക്ഷൻ രേഖപ്പെടുത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രത്യേക സർക്കാർ ഉത്തരവില്ലാതെ പ്രസ്തുത കമ്മിറ്റി തീരുമാനങ്ങൾ അനുസരിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമല്ലാത്തതും അനുവദിക്കാത്തതുമായ ഇടപാടുകൾക്ക് ഓഡിറ്റ് ഒബ്ജക്ഷൻ രേഖപ്പെടുത്താറുണ്ട്. എന്നാൽ നിലവിലുള്ള നിർവ്വഹണ വ്യവസ്ഥകൾക്ക് വിധേയമായി കോർഡിനേഷൻ കമ്മിറ്റി അനുവദിച്ചതോ, വ്യക്തത നൽകിയതോ ആയ കാര്യങ്ങൾ |

| | | | |
|---|---|---|---|
| | | | നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമല്ലെങ്കിൽ ഓഡിറ്റ് അംഗീകരിക്കുന്നുണ്ട്. |
| (സി) | കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ഓഡിറ്റ് ഒബ്ജക്ഷനിൽ നിന്നും ഒഴിവാക്കുന്നതിന് പൊതു ഉത്തരവ് നൽകുമോ? | (സി) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ